# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട എസ്.എൽ.ഐ. , ജി,ഐ.എസ്. മോട്ടോർ പോളിസി രേഖകളുടെ തനിപ്പകർപ്പ് സൗജന്യമായി വിതരണം ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.190/2018/ധന. തീയതി,തിരുവനന്തപുരം, 10/12/2018**

---

പരാമർശം:- ഇൻഷ്വറൻസ് ഡയറക്ടറുടെ 27/11/2018 ലെ കെ.എസ്.ഐ.ഡി./എസ്.എൽ.ഐ. /എൽ 3/റ്റി 001812499നമ്പർ കത്ത്.

## ഉത്തരവ്

സമീപകാലത്ത് സംസ്ഥാനമൊട്ടാകെയുണ്ടായ പ്രളയത്തിൽ ധാരാളം പോളിസി ഉടമകളുടെ എസ്.എൽ.ഐ. , ജി.ഐ.എസ്., മോട്ടോർ പോളിസി രേഖകൾ തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടുപോയതിനാൽ പകരമായി ഡ്യൂപ്ലിക്കേറ്റ് പോളിസിക്കും പാസ്സ്ബുക്കിനുമായി നിരവധി അപേക്ഷകൾ ഇൻഷ്വറൻസ് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, നഷ്ടപെട്ട ടി പോളിസി രേഖകളുടെ തനിപ്പകർപ്പ് സൗജന്യമായി വിതരണം ചെയ്യാൻ വകുപ്പിനെ അനുവദിക്കണമെന്ന് ഇൻഷ്വറൻസ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

ഇൻഷ്വറൻസ് ഡയറക്ടറുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ഇക്കഴിഞ്ഞ പ്രളയത്തിൽ തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെടുകയോ ഉപയോഗശൂന്യമാവുകയോ ചെയ്തിട്ടുള്ള, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വിതരണം ചെയ്ത എസ്.എൽ.ഐ. പാസ്സ്ബുക്ക്, സർട്ടിഫിക്കറ്റ്, ജി.ഐ.എസ്. പാസ്സ്ബുക്ക്, മോട്ടോർ പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ തനിപ്പകർപ്പ് സൗജന്യമായി വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി രേഖകൾ സൗജന്യമായി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇൻഷ്വറൻസ് ഡയറക്ടർ രൂപീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി.& എസ്. എസ്. എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ. എസ്. എ ) കേരള, തിരുവനന്തപുരം.

ഇൻഷ്വറൻസ് ഡയറക്ടർ (ഇൻ-ചാർജ്ജ്), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ